Draft #2 of File 17799/AC A1-3/2020/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 07-Jul-2020 07:25 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് സർക്കാർ ഉത്തരവിനനുസൃതമായി 2020-21 വർഷം സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും ഒരു കോഴ്സിന് 7,500 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3048/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 07.07.2020

---

*പരാമർശം:*-1. സർവ്വകലാശാല വിജ്ഞാപനം.നം.17799/ACA1-3/2020/ACA1 തീയതി 11.06.2020

2. സർക്കാർ ഉത്തരവ് (സാധാ)നം.748/2020/ഉ.വി.വ തീയതി 09.06.2020

3. പുറത്തെഴുത്ത് നം. 17799/ACA1-3/2020/ACA1(PART-1) തീയതി 02.07.2020

4. എം.ജി. സർവകലാശാല ആക്ട് 1985 അധ്യായം 3 വകുപ്പ് 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് ബഹു. വൈസ്- ചാൻസിലർ 06.07.2020 -ൽ പുറപ്പെടുവിച്ച ഉത്തരവ്

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് താഴെപ്പറയുന്ന രീതിയിൽ 2020-21 വർഷം മാർജിനൽ വർദ്ധനവ് അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു.

- ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 70 സീറ്റ് വരെ.
- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 30 സീറ്റ് വരെ

ഉന്നത വിദ്യാഭ്യാസ വകുപ്പ്, പരാമർശം (2) പ്രകാരം സംസ്ഥാനത്തെ മുഴുവൻ ആർട്സ് & സയൻസ് കോളേജുക ളിലും ബിരുദ - ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് അനു വദനീയമായ സീറ്റുകളിലേയ്ക്ക്, കോളേജുകളുടെ സൗകര്യമനുസരിച്ച് 2020-21 അദ്ധ്യയന വർഷം താഴെപ്പറയും പ്രകാരം വർദ്ധ നവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1. ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റ് വരെ വർദ്ധനവ് നൽകാവുന്നതാണ്.

2. സയൻസ് വിഷയങ്ങൾക്ക് പരമാവധി 25 സീറ്റുകൾ എന്ന രീതിയിലും, ആർട്സ്-കോമേഴ്സ് വിഷയങ്ങൾക്ക് പരമാവധി 30 സീറ്റുകൾ എന്ന രീതിയിലും ബിരുദാനന്തര ബിരുദ പ്രോഗ്രാമു കളിലേയ്ക്ക് വർദ്ധനവ് നൽകാവുന്നതാണ്.

02.07.2020 തീയതിലെ പുറത്തെഴുത്ത് നം.17799/ACA1-3/2020/ACA1(PART-1) പ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് സർവ്വകലാശാലയിൽ നടപ്പിലാക്കുകയും ചെയ്തു. അതനുസ രിച്ച്, മാർജിനൽ വർദ്ധനവിനു ശേഷവും സീറ്റുകൾ ആവശ്യമുള്ള കോളെജുകൾക്ക് സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന പരിധിക്കകത്തു നിന്നു കൊണ്ട് 2020-21 അക്കാദമിക വർഷത്തേക്ക് മാത്രമായി സീറ്റുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും ഒരു കോഴ്സിന് **7,500/-** (ഏഴായിരത്തി അഞ്ഞൂറ്) രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ചു വൈസ്-ചാൻസിലർ പരാമർശം (4) പ്രകാരം ഉത്തരവായിരിക്കുന്നു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ,പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പി.എസ് മാർ
2.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ.
3. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ ജോയിന്റ് രജിസ്ട്രാർ(അക്കാദമിക്)
4.എസി.സി.1/2/എസി.എ7/എസി.ബി7/ CITAD
5 പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6.സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 17799/AC A1-3/2020/AC A 1 (PART-I) Approved by ASSISTANT REGISTRAR I (ACADEMIC) on 07-Jul-2020 07:25 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം